**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി ക്ഷേമ ഫണ്ട് വകുപ്പ് തല അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപറേഷനിലെ പട്ടികജാതി ക്ഷേമ ഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ അന്വേഷണ പുരോഗതി ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമ ഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പ്തല അന്വേഷണം നടന്നു വരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നല്കി വകുപ്പ്തല അച്ചടക്ക നടപടി ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെ തുടർന്ന് വകുപ്പതല അച്ചടക്ക നടപടിയുടെ ഭാഗമായി ടി ആരോപണത്തിൽ വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമേ കുറ്റക്കാർക്കെതിരെ പോലീസ് അന്വേഷണം നടത്തി FIR രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ അന്വേഷണത്തിന്റെ ചുമതല വിജിലൻസിനാണ്. അന്വേഷണം പുരോഗമിച്ചു വരികയാണ്. |
| (ബി) | പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കുള്ള വിവാഹ ധനസഹായം, പഠനമുറി, വിവിധ തരം സ്കോളർഷിപ്പുകൾ തുടങ്ങി പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് അനുവദിക്കുന്ന ഫണ്ട് സ്വന്തം അക്കൗണ്ടിലേക്കും സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ബാങ്ക് അക്കൗണ്ടുകളിലേക്കും തിരിമറി നടത്തിയതായി പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പ്തല ഓഡിറ്റ് പരിശോധനയിൽ, ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറി നൽകിയതായും ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേയ്ക്ക് ആനുകൂല്യതുക മാറി നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി വികസന ഓഫീസിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല അന്വേഷണം കാര്യക്ഷമമല്ലെന്ന ആക്ഷേപം വകുപ്പ് പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ